പ്രസ്സ് റിലീസ്

## റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ
## വാർത്താവിനിമയ വിഭാഗം

August 27, 2015

### ടയർ III മുതൽ VI വരെ കേന്ദ്രങ്ങളിലെ വില്പന കേന്ദ്രങ്ങളിൽ (Point of Sales – POS) നിന്നും പണം പിൻവലിക്കാനുള്ള പരിധി ഇരട്ടിയാക്കുന്നു.

ടയർ III മുതൽ ടയർ VI വരെ കേന്ദ്രങ്ങളിലെ വില്പന കേന്ദ്രങ്ങളിൽ (POS) നിന്നും പണം പിൻവലിക്കാനുള്ള പ്രതിദിന പരിധി 1000 രൂപയിൽ നിന്നും 2000 രൂപയായി ഇരട്ടിപ്പിച്ചിരിക്കുന്നു. ബാങ്കുകൾ വിതരണം ചെയ്തിട്ടുള്ള ഡെബിറ്റ് കാർഡുകൾ, ഓപ്പൺ സിസ്റ്റം ക്രെഡിറ്റ് കാർഡുകൾ എന്നിവയ്ക്ക് ഈ സൗകര്യം ലഭ്യമാകും. രൊക്കം പണവിനിയോഗം പരിമിതപ്പെടുത്താൻ ലക്ഷ്യമിടുന്ന ഒരു സമൂഹത്തിൽ, ഇങ്ങനെ ടയർ III മുതൽ VI വരെ കേന്ദ്രങ്ങളിൽ വർദ്ധിപ്പിച്ച പരിധി ഇടപാടുകാർക്ക് കൂടുതൽ സൗകര്യപ്രദമാവുമെന്നും രൊക്കം പണത്തിന്റെ സംക്രമണത്തിന് പരിമിതി വരുത്തുവാൻ സഹായകമാവും എന്നും കരുതുന്നു. e–പേയ്മെന്റും, തൽസംബന്ധമായി വന്നേയ്ക്കാവുന്ന പുരോഗതിയും കൂടി കണക്കിലെടുത്ത് ഈ സൗകര്യം പുനഃപരിശോധിക്കും. ടയർ I, ഉം ടയർ II ഉം കേന്ദ്രങ്ങളിൽ നിലവിലുള്ള പരിധി മാറ്റമില്ലാതെ തുടരും.

ഈ സൗകര്യം നൽകുന്നതിന് ഈടാക്കാവുന്ന ചാർജുകളിൽ സുതാര്യത വരുത്താനായി, ഈടാക്കാവുന്ന ചാർജ് എല്ലാ കേന്ദ്രങ്ങളിലും ഇടപാട് തുകയുടെ ഒരു ശതമാനത്തിൽ കൂടുതലാവാൻ പാടില്ലെന്ന് ബാങ്കുകളെ അറിയിച്ചിട്ടുണ്ട്. ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള വ്യാപാര സ്ഥാപനങ്ങൾ സൗകര്യം ലഭ്യമാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന അറിയിപ്പുകൾ പ്രദർശിപ്പിക്കണം. ഇതിൽ ഇടപാടുകാരിൽ നിന്നും ഈടാക്കുന്ന ചാർജുകളും കാണിച്ചിരിക്കണം. സാധനം വാങ്ങിയാലും ഇല്ലെങ്കിലും കാർഡുടമസ്ഥന് ഈ സൗകര്യം ഉപയോഗിക്കാൻ കഴിയും. ATM – കളിൽ നിന്നും പണം പിൻവലിക്കുമ്പോൾ ചെയ്യുന്ന പോലെ കാർഡുടമസ്ഥൻ അയാളുടെ കാർഡും PIN നമ്പരും ഉപയോഗിച്ച് വ്യാപാര കേന്ദ്രങ്ങളിൽ ഈ സൗകര്യം ഉപയോഗിക്കാവുന്നതാണ്.

ഡെബിറ്റ് കാർഡുകളുപയോഗിച്ച് വില്പന കേന്ദ്രങ്ങളിൽ നിന്നും പണം പിൻവലിക്കാനുള്ള സൗകര്യം റിസർവ് ബാങ്ക് 2009 ജൂലൈ മാസത്തിൽ അനുവദിച്ചിരുന്നതായും ഓർമ്മിക്കുമല്ലോ. തുടർന്ന് അത് 2013 സെപ്തംബർ മാസം ബാങ്കുകൾ നല്കിയിട്ടുള്ള പ്രീ പെയ്ഡ് കാർഡുകൾക്കും വ്യാപിപ്പിച്ചു.

പ്രസ്സ് റിലീസ് അല്പനാ കില്ലാവാലാ

2015-2016/511 പ്രിൻസിപ്പൽ ചീഫ് ജനറൽ മാനേജർ